## റൂളിംഗ്

മി. സ്പീക്കർ: ഇന്നലെ ചോദ്യോത്തരവേള ആരംഭിച്ച അവസരത്തിൽ പ്രതിപക്ഷ അംഗങ്ങൾ ഡയസ്സിന് മുന്നിൽവന്ന് ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായി. ചോദ്യോത്തരവേള സുഗമമായി നടത്തുവാൻ സഹകരിക്കണമെന്ന ചെയറിന്റെ തുടരെയുള്ള അഭ്യർത്ഥന മാനിക്കാതെ ബഹളം തുടർന്ന വേളയിൽ ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്തു കൊണ്ട് ധനകാര്യ ബിസിനസ്സിലേയ്ക്ക് കടക്കുവാൻ ചെയർ നിർബന്ധിതനായി. ചെയറിന്റെ ഈ നടപടിയെ വിമർശിക്കുന്ന പല പ്രസ്താവനകളും മാധ്യമങ്ങളിൽ കാണുകയുണ്ടായി. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അസാധാരണമായ ഇത്തരമൊരു നടപടി ഉണ്ടായതെന്ന രീതിയിലുള്ള പ്രസ്താവനകൾ മാധ്യമങ്ങളിൽ വന്നു. അതിൽ ചെയറിന് ദു:ഖമുണ്ട്. ഏത് കാലഘട്ടത്തിൽ, ആര് ചെയറിൽ ഇരുന്നപ്പോൾ എന്നതിനല്ല പ്രസക്തി, കേരള നിയമസഭയിൽവന്ന ചട്ടങ്ങളും കീഴ്വഴക്കങ്ങ ളുമാണ്. 2010 ഏപ്രിൽ 7–ാം തീയതി നിലവിൽവന്ന അംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 3(6) പ്രകാരം ചോദ്യോത്തരവേളയുടെ അലംഘനീ യത നിലനിർത്തുവാൻ അംഗങ്ങൾ ബാദ്ധ്യസ്ഥരാണ്. ഈ സഭയിലെ എല്ലാ പാർട്ടികളിലേയും തലമുതിർന്ന അംഗങ്ങൾ ഒരുമിച്ചിരുന്നാണ് ചട്ടങ്ങൾക്ക് ഭേദഗതി ഉണ്ടാക്കിയത്. ചോദ്യോത്തരവേളയുടെ തുടക്കത്തിൽതന്നെ സഭാ നടപടികൾ തടസ്സപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത് അഭിലഷണീയ

മാണോ എന്നകാര്യം സഭ വീണ്ടും ഗൗരവമായി ആലോചിക്കണമെന്നാണ് ചെയറിന്റെ അഭിപ്രായം. കേരള നിയമസഭയിലെ പ്രീസിഡൻസ് കൂടി കണക്കിലെടുത്താണ് ഇന്നലെ ചെയർ ചോദ്യോത്തരവേളയും ശൂന്യവേളയും റദ്ദ് ചെയ്ത് ധനകാര്യ ബിസിനസ് എടുത്തത്. പത്താം കേരള നിയമസഭയുടെ പതിനാലാം സമ്മേളനകാലത്ത് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച പ്രശ്നത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് അന്നത്തെ പ്രതിപക്ഷ കക്ഷികൾ 2000 ജൂൺ 20, 21, 22, 23, 26, 27, 28 എന്നീ തീയതികളിൽ സഭയ്ക്കുള്ളിൽ മുദ്രാവാക്യം വിളിച്ച് ബഹളമുണ്ടാക്കിയ പ്പോൾ പ്രസ്തുത ദിവസങ്ങളിൽ ശൂന്യവേള സസ്പെന്റ് ചെയ്ത് ആ ദിവസ ങ്ങളിൽ ചർച്ചയ്ക്ക് വച്ചിരുന്ന ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ സഭ പാസ്സാക്കുകയുണ്ടായി. ജൂൺ 28–ാം തീയതി നിർത്തിവച്ച സമ്മേളനം ജൂലൈ 17–ാം തീയതി വീണ്ടും ചേർന്നവേളയിലും ബഹളമുണ്ടായ സാഹചര്യത്തിൽ 2000-01–ലെ ബഡ്ജറ്റിലെ ശേഷിക്കുന്ന 23 ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെയും 9 ധനാഭ്യർത്ഥനകൾ ഗില്ലറ്റിൻ ചെയ്തും സഭ പാസ്സാക്കുകയു ണ്ടായി. അന്നുതന്നെ ഉപധനാഭ്യർത്ഥനകളും, അതിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും, ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും, 2000–ലെ കേരള ധനകാര്യ ബില്ലും (സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ) പരിഗണനയ്ക്ക് എടുത്ത് ചർച്ച കൂടാതെ സഭ പാസ്സാക്കിയിട്ടുണ്ട്. പതിനൊന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്ത് 2001 ഒക്ടോബർ 22, 23, 24, 29, 30, 31 എന്നീ തീയതിക ളിൽ സഭയിൽനിന്നും മൂന്ന് അംഗങ്ങളെ സസ്പെന്റ്ചെയ്ത പ്രശ്നത്തിൽ ഉണ്ടായ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയും

ശൂന്യവേളയും സസ്പെന്റ് ചെയ്ത് 33 ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ സഭ പാസ്സാക്കിയിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലും 2007 മാർച്ച് 29, സെപ്റ്റംബർ 11 എന്നീ തീയതികളിൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്ത് നിയമനിർമ്മാണകാര്യം ചർച്ച കൂടാതെ, സഭ പരിഗ ണിച്ചിട്ടുണ്ട്. അതുപോലെതന്നെ 2007 ജൂലൈ 13-ാം തീയതി ശ്രദ്ധക്ഷണ ക്കൽ, സബ്മിഷൻ അനൗദ്യോഗികാംഗങ്ങളുടെ കാര്യം എന്നിവ റദ്ദ് ചെയ്ത് ചോദ്യോത്തരവേളയ്ക്കുശേഷമുള്ള യാതൊരു നടപടികളിലേയ്ക്കും കടക്കാതെ സഭ പിരിഞ്ഞിട്ടുണ്ട്. അതിനാൽ ഇന്നലെ ചെയർ കൈക്കൊണ്ട നടപടി കേരള നിയമസഭയിലെ ആദ്യത്തെ അസാധാരണമായ സംഭവമല്ലെന്നും സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റ് ബിസിനസ്സുകൾ നടത്തി ക്കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ട സഭാദ്ധ്യക്ഷന്മാർ കൈക്കൊണ്ടിട്ടുള്ള നടപടി യാണെന്നും കാണാവുന്നതാണ്. ഇത്തരം നടപടികൾ കൈക്കൊള്ളുവാൻ നിയമസഭാ ചട്ടം 314 അനുസരിച്ച് ചെയറിന് അധികാരമുണ്ട്. ചെയർ ഇന്നലെ കൈക്കൊണ്ട നടപടിയുടെ അടിസ്ഥാനത്തിൽ ചെയറിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതും സഭയെക്കുറിച്ചും സഭയുടെ അന്തസ്സിനെക്കുറിച്ചും അംഗങ്ങൾ തന്നെ തെറ്റിദ്ധാരണ ഉണ്ടാക്കുന്ന വിധത്തിൽ സഭയ്ക്ക് പുറത്ത് അഭിപ്രായം നടത്തുന്നതും ആശാസ്യമല്ല. അത് ശരിയല്ലെന്ന് മാത്രമേ ചെയർ ഇപ്പോൾ പറയുന്നുള്ളൂ. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ദയവുചെയ്ത് ചെയറിനെ ഒരു കക്ഷിയാക്കുന്നതും ശരിയ ല്ലെന്ന് ചെയർ അഭിപ്രായപ്പെടുന്നു. ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഏത് ചെയറിനും പ്രവർത്തിക്കാൻ

കഴിയുകയുള്ളൂ. ഇതൊന്നും പരിശോധിക്കാതെ വാർത്തകൾ നൽകുന്നതും ചർച്ചകൾ സംഘടിപ്പിക്കുന്നതും മാധ്യമങ്ങളും ചർച്ചയിൽ പങ്കെടുക്കുന്ന സഭാംഗങ്ങളും മറ്റുള്ളവരും ഗൗരവമായി ശ്രദ്ധിക്കേണ്ടതുണ്ട്. കീഴ്‌വഴക്കങ്ങളും സഭാനടപടികളും പഴയകാലമൊന്നും ഓർക്കാതെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കേരള നിയമസഭയിലെ ആദ്യത്തെ സംഭവ മെന്ന മട്ടിൽ ഇന്നലെ രാവിലെ ഒൻപത് മണി മുതൽ ഇലക്ട്രോണിക് മീഡി യയിൽ ആരംഭിച്ച വാർത്തകൾ ബ്രേക്കിംഗ് ന്യൂസായി ഇന്ന് രാവിലെവരെ ഉണ്ടായിരുന്നു എന്നുള്ളത് ചെയർ നിയമസഭാംഗങ്ങളുടെ ശ്രദ്ധ യിൽകൊണ്ടുവരുന്നു. സഭാനടപടികൾ റിപ്പോർട്ട് ചെയ്യുമ്പോൾ വസ്തുതകൾ മനസ്സിലാക്കി റിപ്പോർട്ട് ചെയ്യുവാൻ ബഹുമാനപ്പെട്ട മാധ്യമപ്രവർത്തകർക്കും ബാധ്യതയുണ്ട്, അവർ സഹകരിക്കണമെന്നുകൂടി ചെയർ ഓർമ്മിപ്പിക്കുന്നു.

ചെയറിന് ഈ സ്ഥാനത്ത് വരുന്നതിന് മുമ്പ് രാഷ്ട്രീയമുണ്ടായിരുന്നു. സ്ഥാനത്തുനിന്ന് മാറുമ്പോഴും രാഷ്ട്രീയമുണ്ടാവാം. എന്നാൽ ഈ സ്ഥാനത്തിരിക്കുമ്പോൾ തികച്ചും നിഷ്പക്ഷനായി മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. അങ്ങനെ മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്ന് ഞാൻ സഭയെ അറിയിക്കുന്നു.